KANNUR International Airport

**KIAL/MTR/TC/T/4A** **04 April 2013**

ദർഘാസ്/ ലേല പരസ്യം
കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്(കിയാൽ)
മട്ടന്നൂർ, കണ്ണൂർ

തലശ്ശേരി താലൂക്കിൽ കീഴല്ലൂർ, പഴശ്ശി വില്ലേജിൽ കിയാലിന്റെ അധീനതയിലുള്ള ബ്ലോക്കുകളായി/ പ്ലോട്ടുകളായി തിരിച്ചിട്ടുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 24301 വിവിധയിനം മരങ്ങൾമുറിച്ചു കൊണ്ടു പോകുന്നതിനുള്ള അവകാശത്തിനായി പ്ലോട്ട് തിരിച്ച് മുദ്രവെച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് ഫോറം മട്ടന്നൂരിലുള്ള കിയാലിന്റെ ഓഫീസിൽ നിന്നും (ഫോൺ: 0490 2474464) 04 ഏപ്രിൽ 2013 മുതൽ 09 ഏപ്രിൽ 2013 വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും (10 AM - 5:00 PM) നൽകുന്നതാണ്. ദർഘാസ് ഫോറത്തിനുള്ള വില (VAT ഉൾപ്പെടെ) കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡിന്റെ പേരിൽ മട്ടന്നൂരിൽ മാറാവുന്ന ഡി.ഡിയായി കിയാലിന്റെ ആഫീസിൽ ഒടുക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ മട്ടന്നൂരിലുള്ള കിയാൽ ഓഫീസിൽ 10 ഏപ്രിൽ 2013 10:30AM വരെ സ്വീകരിക്കുന്നതും 10 ഏപ്രിൽ 2013 11:00 AM ന് ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ പരസ്യ ലേലം നടത്തുന്നതും അതിനു ശേഷം ദർഘാസുകൾ തുറക്കുന്നതുമാണ്. ദർഘാസിലും ലേലത്തിലും കൂടിയ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. ദർഘാസുകളോടൊപ്പം നിരതദ്രവ്യമായി കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡ് എന്ന പേരിൽ മട്ടന്നൂരിൽ മാറാവുന്ന ഡി.ഡി ഓരോ പ്ലോട്ടിനും നിശ്ചയിചിട്ടുള്ള നിരക്കിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ കിയാൽ പ്രോജക്ട് ഓഫീസിൽ നിന്നും കിയാലിന്റെ **www.kannurairport.in** എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

ഒപ്പ്

പ്രോജക്ട് എഞ്ചിനീയർ
മാനേജിംഗ് ഡയറക്ടർക്കു
വേണ്ടി

Project Office, Maruthayi road, Mattannur,Kannur- 670 702, Ph: 0490-2474464, Fax-0490-2474463

# KANNUR INTERNATIONAL AIRPORT LIMITED

Project office, Maruthayi Road, Mattannur, Kannur-670702
Tel:0490-2474464, Fax: 2474463 E-mail:managingdirector@kannurairport.in
Web:www.kannurairport.in

# TENDER DOCUMENT

FOR

# Cut and Removal of Trees

(Tender No: KIAL/MTR/TC/T/ 4A)

ISSUED TO:

PLOT:

CONTRACTOR

COST OF DOCUMENT:

(Inclusive of VAT)

**കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ് (കിയാൽ)**

**പ്രൊജക്ട് ഓഫീസ്, മരുതായി റോഡ്,**

**മട്ടന്നൂർ- കണ്ണൂർ-670702**

<u>ലേലം/ ദർഘാസ് പരസ്യം</u>

കണ്ണൂർ ജില്ലയിൽ കീഴല്ലൂർ, പഴശ്ശി വില്ലേജുകളിൽ കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡിനു (കിയാൽ എന്ന് തുടർ പ്രയോഗം) വേണ്ടി എടുത്തിട്ടുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും 5, 6, 7, 13, 19, 20, 26, 27, 29, 31, 32, 33, 36, 37, 38, 39, 40 എന്നീ ബ്ലോക്കുകളായി തിരിച്ച് പ്രത്യേകം എണ്ണി തിട്ടപ്പെടുത്തിയിട്ടുള്ളതുമായ മരങ്ങൾ മുറിച്ച് മാറ്റി നീക്കം ചെയ്യുന്നതിനുള്ള അവകാശം ബ്ലോക്കടിസ്ഥാനത്തിൽ ദർഘാസ്/ സമാന്തരമായി ലേലം മുഖേന ലഭിക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്ര വച്ച ടെണ്ടർ ക്ഷണിച്ചു കൊള്ളുന്നു. ബ്ലോക്ക് നമ്പർ, മരങ്ങളുടെ എണ്ണം, അടിസ്ഥാന വില തുടങ്ങിയ വിവരങ്ങൾ ടെണ്ടർ ഫോറത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. ഓരോ ബ്ലോക്കിനും പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറം മട്ടന്നൂരിലുള്ള കിയാലിന്റെ ഓഫീസിൽ നിന്നും 04 ഏപ്രിൽ 2013 രാവിലെ 10 മണി മുതൽ 09 ഏപ്രിൽ 2013 വൈകിട്ട് 5 മണി വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് ഓരോ ബ്ലോക്കിനും നിശ്ചയിച്ചിട്ടുള്ള ടെണ്ടർ ഫോറത്തിന്റെ വില (വാറ്റ് ഉൾപ്പെടെ) **കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡിന്റെ പേരിൽ** മട്ടന്നൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റുമായി ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ കോപ്പി സഹിതം രേഖാ മൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ടെണ്ടർ ഫോറം <u>www.kannurairport.in</u> എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തു സമർപ്പിക്കാവുന്നതാണ്. അങ്ങനെ സമർപ്പിക്കുന്ന ടെണ്ടർ ഫോറത്തിനോടൊപ്പം ടെണ്ടർ ഫോറത്തിനു നിശ്ചയിച്ചിട്ടുള്ള വില ഡിമാന്റ് ഡ്രാഫ്റ്റായി കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡിന്റെ പേരിൽ മട്ടന്നൂരിൽ മാറാവുന്ന രീതിയിൽ സമർപ്പിക്കേണ്ടതാണ്. ദർഘാസുകളോടൊപ്പം അതാത് ബ്ലോക്കിന് നിശ്ചയിച്ചിട്ടുള്ള നിരത ദ്രവ്യം കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡിന്റെ പേരിൽ മട്ടന്നൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം ടെണ്ടറുകൾ ബ്ലോക്കിന്റെ പേരും മരങ്ങളുടെ എണ്ണവും കാണിച്ച് പുറമേ എഴുതിയിട്ടുള്ള മുദ്ര വച്ച കവറിൽ പ്രോജക്ട് എഞ്ചിനീയർ, കണ്ണൂർ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്, പ്രൊജക്ട് ഓഫീസ്, മരുതായി റോഡ്, മട്ടന്നൂർ , കണ്ണൂർ , 670702. ഫോൺ. 0490-2474464 എന്ന അഡ്രസ്സിൽ 10 ഏപ്രിൽ 2013 രാവിലെ 10.30 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. നിരത ദ്രവ്യവും ടെണ്ടറുകളുടെ വിലയും ഒടുക്കാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. 10 ഏപ്രിൽ 2013 രാവിലെ 11 മണിക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തികളെ ഉൾപ്പെടുത്തി പരസ്യ ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ദർഘാസ് സമർപ്പിച്ച വ്യക്തിയോ മുക്ത്യാർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ഏജന്റോ ടെണ്ടറിൽ പങ്കെടുക്കേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തി, ടെണ്ടറിനോടൊപ്പം സമർപ്പിച്ച ഡി.ഡി യുടെ ഒരു ഫോട്ടോ കോപ്പിയും തിരിച്ചറിയൽ കാർഡും നിർബന്ധമായി സൂക്ഷിച്ചിരിക്കേണ്ടതാണ്. ലേലത്തിനു ശേഷം ദർഘാസുകൾ തുറക്കുന്നതും , ദർഘാസിലും ലേലത്തിലുമുള്ള തുകയിൽ ഏതാണോ കൂടിയത് ആ തുക കരാർ തുകയായിരിക്കും. കരാർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി സ്വന്തം ഉത്തരവാദിത്വ

ത്തിലും ചിലവിലും ദർഘാസിലെ നിബന്ധനകൾക്ക് വിധേയമായി മുഴുവൻ തുകയും കെട്ടി വച്ച് മരങ്ങൾ മുറിച്ച് മാറ്റി കൊണ്ടു പോകേണ്ടതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു/എല്ലാ ദർഘാസുകളും  നിരസിക്കുന്നതിനുള്ള അധികാരം കിയാൽ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

വിശദ വിവരങ്ങൾ കിയാലിന്റെ മട്ടന്നൂരിലെ ഓഫീസിൽ നേരിട്ടോ ഫോൺ മുഖേനയോ പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്.ഫോൺ:0490-2474464

മാനേജിംഗ് ഡയറക്ടർ

കിയാൽ

*ദർഘാസ് കം ലേല പരസ്യം*

*കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്*

<u>നിബന്ധനകൾ</u>

ദർഘാസ് കം ലേല ദിവസം പൊതു അവധിയായി വന്നാലോ മറ്റേതെങ്കിലും കാരണത്താലോ ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ് കം ലേലം അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതായിരിക്കും. പുനർ ലേലം ആവശ്യമാണെങ്കിൽ പിന്നീട് നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതാണ്.

1. ദർഘാസ് കം ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിലേക്കായി ബ്ലോക്ക് തിരിച്ചിട്ടുള്ള പ്രസ്തുത ഭൂമിയിൽ പരാമർശിച്ചിട്ടുള്ളതും മാർക്ക് ചെയ്തതുമായ മരങ്ങളുടെ ശേഖരണവും നീക്കം ചെയ്യലും സംബന്ധിച്ച ജോലിക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.

2. ദർഘാസ് കം ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപന്നങ്ങളുടെ നിൽപ്പ് നേരിൽ കണ്ട് ബോദ്ധ്യപ്പെടേ തും മരങ്ങളുടെ എണ്ണം സംബന്ധിച്ചോ തടികളെ സംബന്ധിച്ചോ യാതൊരു പരാതികളും ലേലത്തിന് ശേഷം പരിഗണിക്കുന്നതല്ല.

3. ദർഘാസുകാരൻ/ ലേലക്കാരൻ നേരിട്ട് ദർഘാസ് കം ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിയമപരമായ മുക്ത്യാർ ഇല്ലാത്ത പകരക്കാരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

4. ദർഘാസ് കം ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഡി.ഡി യുടെ ഒരു കോപ്പിയും കൈയിൽ സൂക്ഷിച്ചിരിക്കേണ്ടതും ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ കാണിക്കേണ്ടതും ആണ്.

5. ദർഘാസ് കം ലേലത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കിയാലിന്റെ മട്ടന്നൂർ മരുതായ് റോഡിലുള്ള പ്രൊജക്ട് ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

6.ഓരോ ബ്ലോക്കിനും പ്രത്യേക ടെണ്ടറും നിരതദ്രവ്യവും സമർപ്പിക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കേണ്ട കവറിനു മുകളിൽ ഏതു ബ്ലോക്കിനാണ് ടെണ്ടർ സമർപ്പിക്കുന്നതെന്ന് വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്.

7. ദർഘാസ് കം ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 1/3 തുക ലേലം കഴിഞ്ഞാലുടൻ ലേല ദിവസമോ അതിനടുത്ത പ്രവർത്തി ദിവസമോ വൈകുന്നേരം 4 മണിക്കു മുമ്പായി ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം കിയാലിലേക്ക് ക ുകെട്ടുന്നതും ബ്ലോക്കിലെ മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതുമായിരിക്കും.

8. ദർഘാസ് കം ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത ബ്ലോക്കിൽ മാർക്ക് ചെയ്ത് തിട്ടപ്പെടുത്തിയിട്ടുള്ള മരങ്ങൾ മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

9. ദർഘാസ് കം ലേലത്തിൽ പങ്കെടുത്ത് ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ 100 രൂപ മുദ്ര പത്ര ത്തിൽ ഒരു ഉടമ്പടി കൂടി ലേലം കഴിഞ്ഞാലുടൻ ഒപ്പ് വയ്ക്കേണ്ടതാണ്.

10. ദർഘാസ് കം ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല തീയതി മുതൽ 7 ദിവസത്തിനകം ബാക്കി 2/3 ലേലത്തുകയും നിലവിലുള്ള നിരക്കിൽ വാറ്റ്, വനവികസന നികുതി എന്നിവകളും ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റും ഒടുക്കി 100 രൂപ മുദ്ര പത്ര ത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. വാറ്റ്, വനനികുതി സഹിതം മട്ടന്നൂരിലുള്ള ഓഫീസിൽ നിന്നും 7 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ സ്ഥിരപ്പെടുത്തിയ ലേലം അസ്ഥിരപ്പെടുത്തു ന്നതും നിരത ദ്രവ്യവും 1/3 അടച്ച തുകയും കിയാലിന്റെ പേരിൽ വസൂലാക്കുന്നതുമാണ്.

11. ഉടമ്പടി കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയ്യതി മുതൽ 30 ദിവസമാണ്. കാലാ വധിക്കുള്ളിൽ മുഴുവൻ മരങ്ങളും മുറിച്ച് മാറ്റി കൊണ്ടു പോകേണ്ടതാണ്. ബ്ലോക്ക് നമ്പർ 20ൽ ഉൾപ്പെടുന്ന ഭൂമിയിലെ ഉടമ്പടി കാലാവധി 45 ദിവസമാണ്.

12.ലേലത്തിലും ദർഘാസിലും ഉയർന്ന തുകയാണ് കരാർ തുകയായി കണക്കാക്കുക. അതാത് സമ യങ്ങളിൽ ഉള്ള നികുതികൾ കരാർ തുകയോടൊപ്പം അടയ്ക്കേണ്ടതാണ്. ലേലം ദർഘാസ് സ്ഥിര പ്പെടുത്തി കിട്ടുന്നവർ കരാർ തുകയ്ക്ക് പുറമേ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസി റ്റായി നൽകേണ്ടതാണ്. ഈ തുക കരാർ കാലാവധിക്കു ശേഷം കിയാലിന് സംഭവിച്ച നഷ്ടങ്ങളും മറ്റു കിട്ടേണ്ട തുകകളും കുറവ് ചെയ്ത് പലിശയില്ലാതെ തിരികെ നൽകുന്നതായിരിക്കും.

13.കരാറുകാരൻ (കോൺട്രാക്ടർ) നിയമിക്കുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥക ളിൽ കിയാലിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്തതും, തൊഴിൽ തർക്കങ്ങൾ കരാറുകാ രന്റെ ഉത്തരവാദിത്വത്തിൽ തീർക്കേണ്ടതുമാണ്.

14. കരാറുകാരന്റെ തൊഴിലാളികൾക്ക് ജോലി സമയത്തുള്ള അപകടങ്ങളുമായി ബന്ധപ്പെട്ടു ഉണ്ടാ യേക്കാവുന്ന Workmen Compensation പൂർണ്ണമായും കരാറുകരന്റെ ഉത്തരവാദിത്വമായിരി ക്കും.

15. ലേലം/ ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തികൾ ഓഫീസുമായി ബന്ധപ്പെട്ട് ലേലത്തിൽ പങ്കെടു ക്കുന്നതിനു ദർഘാസുകൾ സമർപ്പിക്കുന്നതിന് മുൻപ് സ്ഥലം സന്ദർശിച്ചു മരങ്ങൾ കണ്ട് ബോദ്ധ്യ പ്പെടേണ്ടതാണ്.

16. ലേലം/ ദർഘാസിൽ പങ്കെടുക്കുന്ന കോൺട്രാക്ടർ എല്ലാ വ്യവസ്ഥകളും അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നതിന് ഇതിനോടൊപ്പമുള്ള എല്ലാ പേജുകളുടേയും അവസാനം ഒപ്പിടേണ്ടതാണ്.

17. കരാർ ഉറപ്പിച്ച ആളിന്റെതൊഴികെ, നിരത ദ്രവ്യം ലേല/ദർഘാസ് ഉറപ്പിച്ചവർക്ക് ഓർഡർ നൽകി യതിനു ശേഷം പലിശ കൂടാതെ തിരികെ നൽകുന്നതാണ്.

18. ദർഘാസ് സമർപ്പിച്ചതിനു ശേഷം ദർഘാസിൽ നിന്നും പിൻമാറുന്നവരുടെ നിരതദ്രവ്യവും ലേല ത്തിൽ പങ്കെടുത്തതിനു ശേഷം പിൻമാറുന്നവരുടേയും നിരത ദ്രവ്യവും/ 1/3 തുകയും കിയാലി ലേക്ക് കണ്ടു കെട്ടുന്നതും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

19. ലേലത്തിൽ പങ്കെടുക്കുന്നവർ ടെണ്ടറിനൊപ്പം സമർപ്പിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റിന്റെ പകർപ്പ് കൈയ്യിൽ സൂക്ഷിക്കേണ്ടതാണ്.

20.നിയമപരമായ എല്ലാ നടപടികളും തിരുവനന്തപുരത്തുള്ള കോടതിയുടെ അധികാര പരിധിയി ലായിരിക്കും.

21.കിയാൽ മാനേജിംങ്ങ് ഡയറക്ടറുടേയോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ രേഖാ മൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ അയാളുടെ ആളുകളോ ഭൂമിയിൽ പ്രവേ ശിക്കുവാൻ പാടുള്ളൂ.

22. യാതൊരു കാരണവശാലും മറ്റ് മരങ്ങൾക്കും ചുറ്റു മതിൽ തുടങ്ങിയ വസ്തു വകകൾക്കും നാശ നഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തര വാദി ആകുന്നതാണ്.

23.കരാറുകാരൻ, മാർക്ക് ചെയ്ത മരങ്ങൾ മാത്രം മുറിക്കേണ്ടതും ഭൂമിയിലെ മാർക്ക് ചെയ്യാത്ത മറ്റ് മരങ്ങൾ മുറിക്കുവാനോ കേടു വരുത്തുവാനോ പാടില്ലാത്തതാകുന്നു.

24. ദർഘാസുകാരന്/ലേലക്കാരന് ആദായ നികുതി സംബന്ധിച്ച പാൻ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ അധികരിച്ച നിരക്കിലുള്ള ആദായ നികുതി ഈടാക്കുന്നതുമാ യിരിക്കും.

25 ദർഘാസ് കം ലേലത്തിൽ പങ്കു ചേരണമെന്നാഗ്രഹിക്കുന്നവർ അനുബന്ധം 1 ൽ പറഞ്ഞിരിക്കു ന്ന നിരത ദ്രവ്യം ഡി.ഡി യായി ഓരോ ബ്ലോക്കിനും കെട്ടി വെക്കേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേക ടെണ്ടർ ഫോറം സമർപ്പിക്കേണ്ടതും പ്രത്യേകം നിരതദ്രവ്യം കെട്ടിവെക്കേണ്ടതുമാണ്. ഓരോ ബ്ലോക്കും പ്രത്യേകം പ്രത്യേകമായി ലേലം നടത്തുന്നതാണ്.

26. മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ കരാറുകാരൻ കരാർ കാലാവധിക്കു ള്ളിൽ തന്നെ കരാറുകാരന്റെ ചിലവിൽ എടുത്ത് മാറ്റേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അത്തരം ചിലവുകൾ കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതും സെക്യൂ രിറ്റി തുക പോരാതെ വന്നാൽ നിയമപരമായ നടപടികളിലൂടെ തുക ഈടാക്കുന്നതുമായിരിക്കും.

27. ലേല ഭൂമിയിൽ കരാറുകാരന്റെ കാരണത്താൽ ഉണ്ടാവുന്ന തീപ്പിടുത്തങ്ങൾക്കും നാശന ഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. തീപ്പിടുത്തങ്ങൾ നിയന്ത്രിക്കുന്നതി നുള്ള മുൻകരുതലുകൾ കരാറുകാരൻ സ്വന്തം നിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

28. കരാർ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ കരാർ സംബന്ധിച്ചോ മരങ്ങളുടെ എണ്ണത്തെക്കുറിച്ചോ യാതൊരു പരാതികളും ഉയർത്താൻ പാടില്ലാത്തതാകുന്നു.

29. ഈ ടെണ്ടർ സംബന്ധിച്ച് കിയാൽ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

| | | | |
|---|---|---|---|
| 1 | വകുപ്പിന്റെ പേര് | : | കിയാൽ |
| 2 | ദർഘാസ് കം ലേല നമ്പർ | : | KIAL/MTR/TC/T/4A |
| 3 | ദർഘാസ് കം ലേല സ്ഥലം | : | പ്രൊജക്ട് ഓഫീസ് ,കിയാൽ, മട്ടന്നൂർ |
| 4 | ഫോൺ നമ്പർ | : | 0490-2474464 |
| 5 | ദർഘാസ്/ലേലത്തിന്റെ ഉദ്ദേശം | : | മരങ്ങൾ മുറിച്ച് ശേഖരിച്ച് അവശിഷ്ടങ്ങളടക്കം നീക്കം ചെയ്ത് കൊണ്ട് പോകുന്നതിന് |
| 6 | ദർഘാസ് കം ലേല തീയതി, സമയം | : | 10 ഏപ്രിൽ 2013 രാവിലെ 11 മണി വരെ |
| 7 | ദർഘാസ് ഫോറം നൽകുന്ന തീയ്യതി | : | 04 ഏപ്രിൽ 2013 മുതൽ 09 ഏപ്രിൽ 2013 വൈകുന്നേരം 5 മണിവരെ |
| 8 | ദർഘാസ് ഫോറം സ്വീകരിക്കുന്ന തീയ്യതി | : | 10 ഏപ്രിൽ 2013 രാവിലെ 10.30 മണി വരെ |
| 9 | നിരതദ്രവ്യം | : | ഓരോ ബ്ലോക്കിനും അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടി വെക്കണം |
| 10 | ദർഘാസ് ഫോറം വില | : | ഓരോ ബ്ലോക്കിനും അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്ന തുക |
| 11 | ഉടമ്പടി കാലാവധി | : | 30 ദിവസം (ബ്ലോക്ക് 20ന് 45 ദിവസം) |

അനുബന്ധം 1

കണ്ണൂർ ഇന്റർ നാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്

ദർഘാസ്/ ലേല നമ്പർ: KIAL/MTR//TC/T/4A

ലേല തീയതി : 10 ഏപ്രിൽ 2013

സമയം : രാവിലെ 11 മണി

സ്ഥലം : കിയാൽ പ്രജക്ട്
ഓഫീസ് മട്ടന്നൂർ

ദർഘാസ് ഫോറം സ്വീകരിക്കുന്ന തീയതി : 10 ഏപ്രിൽ 2013 രാവിലെ 10.30

ഫോൺ നമ്പർ : 0490 2474464

| പ്ലോട്ട് നമ്പർ | ബ്ലോക്ക് നമ്പർ | ഭൂമിയുടെ (പ്ലോട്ട്) വിസ്തീർണ്ണം (Hectare) | മരങ്ങളുടെ ഇനം | നിൽക്കുന്ന മരങ്ങളുടെ എണ്ണം | ആകെ മാർക്ക് ചെയ്ത മരങ്ങളുടെ എണ്ണം | അടിസ്ഥാന വില (രൂപയിൽ) | ടെണ്ടർ ഫോമിന്റെ വില+ VAT @14.5% | നിരതദ്രവ്യം |
|---|---|---|---|---|---|---|---|---|
| 1 | 5, 19, 33, 36, 37 | 22.197 | തെങ്ങ് | 324 | 324 | 64800 | 458 | 664 |
| | 5, 33, 37 | 13.9252 | കവുങ്ങ് | 32 | 32 | 1600 | | |
| 2 | 6 | 18.1904 | റബർ | 333 | 333 | 371156 | 916 | 3712 |
| 3 | 7 | 3.3107 | റബർ | 67 | 67 | 133338 | 458 | 1333 |
| 4 | 13 | 8.1345 | റബർ | 25 | 25 | 14145 | 458 | 817 |
| | | | മറ്റുമരങ്ങൾ | 293 | 293 | 67525 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 20 | 61.6284 | റബർ | 9268 | 9268 | 9053452 | 15572 | 90535 |
| 6 | 20 | 61.6284 | മറ്റുമരങ്ങൾ | 4232 | 4232 | 1375884 | 2405 | 13759 |
| 7 | 27 | 26.8935 | റബർ | 683 | 683 | 402756 | 1031 | 4028 |
| 8 | 29 | 10.2761 | റബർ | 2980 | 2980 | 3724380 | 6412 | 37244 |
| 9 | 31 | 8.0040 | റബർ | 1740 | 1740 | 24,12,056 | 4237 | 24121 |
| 10 | 32 | 3.4034 | മറ്റുമരങ്ങൾ | 419 | 419 | 142490 | 458 | 1425 |
| 11 | 38 | 28.5152 | റബർ | 823 | 823 | 3,50,910 | 916 | 3509 |
| 12 | 39 | 5.5405 | റബർ | 936 | 936 | 10,72,760 | 1947 | 10728 |
| 13 | 40 | 1.9565 | റബർ | 200 | 200 | 1,29,650 | 458 | 1297 |
| 14 | 6,7,13,<br>20,26,29,31,38,40 | 150.9001 | തെങ്ങ് | 1033 | 1033 | 206600 | 573 | 2066 |
| 15 | 6,7,29,31 | 39.7864 | കവുങ്ങ് | 913 | 913 | 45650 | 344 | 457 |

മട്ടന്നൂർ മാനേജിങ്ങ് ഡയറക്ടർ

04.04.2013 കിയാൽ

## <u>അനുബന്ധം -2</u>

ടെണ്ടർ സമർപ്പിക്കേണ്ട ഫോറം(ഓരോ ബ്ലോക്കിനും പ്രത്യേക ടെണ്ടറും നിരത ദ്രവ്യവും സമർപ്പിക്കേണ്ടതാണ്)

<u>കണ്ണൂർ ജില്ലയിൽ മട്ടന്നൂർ വില്ലേജിൽ കിയാലിന്റെ അധീനതയിലുള്ള സ്ഥലത്ത് നിന്നും മരങ്ങൾ മുറിച്ച് മാറ്റി കൊണ്ട് പോകുന്നതിനുള്ള കരാറിനുള്ള ദർഘാസ്</u>

1.കോൺട്രാക്ടറുടെ പേര് :

2.പൂർണ്ണമായ മേൽ വിലാസം :
(പിൻ കോട് ഉൾപ്പെടെ)

3. ബന്ധപ്പെടുവാനുള്ള ടെലഫോൺ/മൊബൈൽ :

4. ടെണ്ടർ സമർപ്പിക്കുന്ന ബ്ലോക്കും മരങ്ങളുടെ എണ്ണവും :

5.നിരത ദ്രവ്യമായി സമർപ്പിക്കുന്ന ഡി.ഡിയുടെ വിശദാംശങ്ങൾ:
തുക/ബാങ്കിന്റെ പേര്/ഡി.ഡി നമ്പർ/തീയ്യതി

6.ഓഫർ ചെയ്യുന്ന ദർഘാസ് തുക അക്കത്തിലും അക്ഷരത്തിലും:

റബ്ബർ, (തുക)----------------------

മറ്റ് മരങ്ങൾ(തുക)----------------- ആകെ ------------------

### <u>പ്രസ്താവന</u>

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സത്യമാണെന്നും, ടെണ്ടറിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ഞാൻ പൂർണ്ണമായി വായിച്ചു മനസ്സിലാക്കിയാണ് മേൽ ദർഘാസ് സമർപ്പിച്ചിട്ടുള്ളതെന്നും കരാർ ലഭിക്കുകയാണെങ്കിൽ കരാർ തുക മുഴുവനും കിയാലിന്റെ ഓഫീസിൽ 7 ദിവസത്തിനകം ഒടുക്കി 30/45 ദിവസത്തിനും മുൻപേ മരങ്ങൾ എന്റെ ഉത്തരവാദിത്വത്തിലും ചിലവിലും നീക്കം ചെയ്തു കൊള്ളാമെന്നും ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു. മരങ്ങൾ ഞാൻ നേരിൽ കണ്ടു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ ദർഘാസ് സമർപ്പിക്കുന്നത്.

സ്ഥലം:

തീയതി: (കോൺട്രാക്ടർ)